# മാർഗ്ഗദീപം സ്കോളർഷിപ്പ്

## 2025-26 സാമ്പത്തിക വർഷത്തെ ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള മാർഗ്ഗദീപം സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള വിജ്ഞാപനം

സർക്കാർ സ്കൂൾ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ് വരെയുള്ള ന്യൂനപക്ഷ വിദ്യാർഥികൾക്കായി (മുസ്ലീം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാർക്കും), സിഖ്, ബുദ്ധ, ജൈന, പാഴ്സി) ജനസംഖ്യാനുപാതികമായി 2025-26 സാമ്പത്തിക വർഷം മാർഗ്ഗദീപം സ്കോളർഷിപ്പ് അനുവദിക്കുന്നതിലേക്കായി അപേക്ഷ ക്ഷണിക്കുന്നു.

കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. 1,500/- രൂപയാണ് സ്കോളർഷിപ്പ് തുകയായി ഒറ്റത്തവണയായി ഒരു വർഷം അനുവദിക്കുന്നത്. കുടുംബവാർഷിക വരുമാനം 2,50,000/- രൂപ കവിയാൻ പാടില്ല. സ്കോളർ ഷിപ്പിന്റെ 30% പെൺകുട്ടികൾക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്നു, എന്നാൽ മതിയായ പെൺകുട്ടികളുടെ അപേക്ഷകൾ ഇല്ലെങ്കിൽ ആൺകുട്ടികളെ പരിഗണിക്കുന്നതാണ്.

നിശ്ചിത ഫോർമാറ്റിലുള്ള ആപ്ലിക്കേഷൻ ഫോം സ്കൂളിന്റെ സ്ഥാപന മേധാവി ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ വെബ്സൈറ്റിൽ (www.margadeepam.kerala.gov.in) നിന്ന് അപേക്ഷകർക്ക് ഡൗൺലോഡ് ചെയ്തു ലഭ്യമാക്കേണ്ടതാണ്. മാർഗ്ഗദീപം പോർട്ടലിൽ അപേക്ഷകളിലെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടത് സ്ഥാപനത്തിലെ ക്ലർക്കിന്റെ ചുമതലയാണ്. പോർട്ടലിൽ രേഖപ്പെടുത്തുന്ന വിവരങ്ങളുടെ കൃത്യത പരിശോധിക്കുന്നതിനായി വിദ്യാർഥികൾക്കു അവസരം നൽകേണ്ടതും ഓൺലൈനായി രജിസ്റ്റർ ചെയ്ത അപേക്ഷകൾ സ്ഥാപനതലത്തിൽ തന്നെ സ്ഥാപന മേധാവി ഓൺലൈൻ വെരിഫിക്കേഷനും അപ്രൂവലും നിശ്ചിത സമയപരിധിക്കുള്ളിൽ ചെയ്തു തീർക്കേണ്ടതുണ്ട്. അതോടൊപ്പം വിദ്യാർഥികളിൽ നിന്നും മതിയായ എല്ലാ രേഖകളോടൊപ്പം അപേക്ഷകൾ കൈപ്പറ്റി സൂക്ഷ്മ പരിശോധന നടത്തി സ്ഥാപനത്തിൽ സൂക്ഷിക്കുകയും ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് ആവശ്യപ്പെടുമ്പോൾ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം കുറവുള്ളതായി കാണുന്നുണ്ടെങ്കിൽ സമയബന്ധിതമായി ആയത് സമർപ്പിക്കാൻ അപേക്ഷകരെ യഥാസമയം സ്ഥാപനമേധാവി അറിയിക്കേണ്ടതും, സംശയങ്ങൾ ദൂരീകരിക്കേണ്ടതുമാണ് .

**യോഗ്യത**

1. ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ് വരെയുള്ള സർക്കാർ സ്കൂൾ /സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർഥികൾക്കാണ് (മുസ്ലീം, ക്രിസ്ത്യൻ (എല്ലാ

Scanned with OKEN Scanner

വിഭാഗക്കാർക്കും), സിഖ്, ബുദ്ധ, ജൈന, പാഴ്സി) സ്കോളർഷിപ് അനുവദിക്കുന്നത്.

2. കുടുംബവാർഷിക വരുമാനം 2,50,000/- രൂപ കവിയാൻ പാടില്ല.

3. അപേക്ഷകർ കേരളത്തിലുള്ള സ്ഥിര താമസക്കാരായിരിക്കണം.

4. 30% സ്കോളർഷിപ്പുകൾ പെൺകുട്ടികൾക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്നു, എന്നാൽ മതിയായ പെൺകുട്ടികളുടെ അപേക്ഷകൾ ഇല്ലെങ്കിൽ ആൺകുട്ടികളെ പരിഗണിക്കുന്നതാണ്.

5. ഒരു കുടുംബത്തിൽ നിന്നും രണ്ടിൽ കൂടുതൽ വിദ്യാർഥികൾക്ക് സ്കോളർ ഷിപ്പിന് അർ ഹതയുണ്ടായിരിക്കുന്നതല്ല. അപേക്ഷ പരിശോധനയിൽ ഒരേ കുടുംബത്തിലെ രണ്ടിൽ കൂടുതൽ വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന് സ്ഥാപന മേധാവി റേഷൻ കാർഡിലെ പേരുവിവരങ്ങൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. അപ്രകാരം ഒരേ കുടുംബത്തിലെ മൂന്നാമതായി സ്കോളർഷിപ്പിനുള്ള അപേക്ഷ ലഭിക്കുന്നപക്ഷം ടി അപേക്ഷ പ്രിൻസിപ്പൽ റിജെക്ട് ചെയ്യേണ്ടതാണ്.

6. ഈ സ്കീമിനു കീഴിൽ ആനുകൂല്യം ലഭിക്കുന്ന വിദ്യാർഥിക്കു മറ്റു സ്കീമുകളിലെ / സ്കോളർഷിപ് ആനുകൂല്യങ്ങൾ കൈപ്പറ്റാൻ പാടുള്ളതല്ല.

<u>അപേക്ഷയോടൊപ്പം വിദ്യാർത്ഥി സമർപ്പിക്കേണ്ട രേഖകൾ</u> (pdf രൂപത്തിൽ)

1. വരുമാന സർട്ടിഫിക്കറ്റ്

2. മൈനോറിറ്റി/കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്

3. ബാങ്ക് പാസ് ബുക്ക് പകർപ്പ്

4. ബാധകമെങ്കിൽ ഭിന്നശേഷി സർട്ടിഫിക്കറ്റ് (40% നും അതിനു മുകളിലും വൈകല്യമുള്ള വിഭാഗം)

5. ബാധകമെങ്കിൽ അച്ഛനോ/ അമ്മയോ/ രണ്ടുപേരും മരണപ്പെട്ടിട്ടു -ണ്ടെങ്കിൽ മരണ സർട്ടിഫിക്കറ്റ്.

6. ഗ്രേഡ് ഷീറ്റിന്റെ പകർപ്പ് (അക്കാദമിക വർഷം 2024-25)

<u>മറ്റ് വിവരങ്ങൾ</u>

1. തിരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികൾക്കു അവരുടെ പേരിൽ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കിൽ ആധാർ ബന്ധിപ്പിച്ച അക്കൗണ്ട് ഉണ്ടായിരിക്കണം, കൂടാതെ സ്കോളർഷിപ്

Scanned with OKEN Scanner

തുക ട്രഷറിയിൽ നിന്നും ഡിബിടി (നേരിട്ടുള്ള ആനുകൂല്യ കൈമാറ്റം) വഴി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.

2. രണ്ട് മുതൽ എട്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് അക്കാദമിക മികവിന് 2024-25 അക്കാദമിക വർഷം ലഭിച്ച ഗ്രേഡിന്റെ ഇൻഡക്സ് പോയിന്റെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുക്കുന്നത്.

3. ഒന്നാം ക്ലാസ് കുട്ടികൾക്ക് അക്കാദമിക മാർക്കുകൾ അർഹത മാനദണ്ഡമായി പരിഗണിക്കപ്പെടുന്നതല്ല; അർഹത വരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും.

4. ശാരീരിക/മാനസിക വെല്ലുവിളികൾ (40% നും അതിനു മുകളിലും വെല്ലുവിളികളുള്ള വിദ്യാർത്ഥി) പ്രത്യേക സൂചിക മാർക്ക് ചേർത്ത് മുൻഗണന നൽകുന്നതാണ്.

5. അച്ഛനോ/അമ്മയോ അല്ലെങ്കിൽ രണ്ടുപേരും മരിച്ചുപോയ വിദ്യാർഥികൾക്കു പ്രത്യേക സൂചിക മാർക്കു നൽകുന്നതാണ്.

6. തെറ്റായ പ്രസ്താവനയിലൂടെ ഒരു വിദ്യാർഥി സ്കോളർഷിപ്പ് നേടിയതായി കണ്ടെത്തിയാൽ, ആ വിദ്യാർഥിയുടെ സ്കോളർഷിപ്പ് ഉടനടി റദ്ദാക്കുകയും നൽകിയ സ്കോളർഷിപ്പ് തുക വീണ്ടെടുക്കുകയും ചെയ്യുന്നതാണ്.

7. ഒരു തവണ സ്കോളർഷിപ്പ് ലഭിച്ച വിദ്യാർഥിക്ക് അടുത്ത അക്കാദമിക വർഷം ആനുകൂല്യം ലഭിക്കണമെങ്കിൽ പുതുതായി അപേക്ഷിക്കാവുന്നതാണ്.

8. ഏതെങ്കിലും ഒരു ക്ലാസ്സിൽ മതിയായ അപേക്ഷകർ ഇല്ലെങ്കിൽ മറ്റേതെങ്കിലും കൂടുതൽ അപേക്ഷകരുള്ള ക്ലാസ്സിലെ വിദ്യാർഥികളെ പരിഗണിക്കുന്നതാണ്.

9. **അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സമയക്രമം ചുവടെ ചേർക്കുന്നു:**

| | |
|---|---|
| സ്കോളർഷിപ്പിനായി അപേക്ഷ ക്ഷണിക്കുന്ന തീയതി | 19-08-2025 |
| വിദ്യാർത്ഥികൾ സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | 12-09-2025 |
| സ്ഥാപന മേധാവി അപേക്ഷകൾ പരിശോധന നടത്തി ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ട അവസാന തീയതി | 19-09-2025 |

Scanned with OKEN Scanner

| | |
|---|---|
| | |

<u>വിദ്യാർഥികളുടെ തിരഞ്ഞെടുപ്പ് മാനദണ്ഡം പട്ടികയാക്കി താഴെ സൂചിപ്പിക്കുന്നു</u>

| Sl. No. | വിഭാഗം | സൂചിക പോയിൻ്റ് |
|---|---|---|
| 1 | കുടുംബ വരുമാനം | Formula=(2,50,000-Actual income)/25,000) (maximum 10) |
| 2 | അക്കാദമിക ഗ്രേഡ് | (maximum 12) |
| | A+ഗ്രേഡ് | 12 |
| | A ഗ്രേഡ് | 11 |
| | B+ ഗ്രേഡ് | 10 |
| | B ഗ്രേഡ് | 9 |
| | C+ ഗ്രേഡ് | 8 |
| | C ഗ്രേഡ് | 7 |
| | D+ ഗ്രേഡ് | 6 |
| | D ഗ്രേഡ് | 5 |
| 3 | അച്ഛനോ/അമ്മയോ അല്ലെങ്കിൽ രണ്ടുപേരും മരിച്ചു പോയ വിദ്യാർഥികൾ (മരണ സർട്ടിഫിക്കറ്റ് ആവശ്യമാണ്) | 4 (maximum 4) |
| | | |

Scanned with OKEN Scanner

| | | |
|---|---|---|
| | അച്ഛനോ അമ്മയോ (ആരെങ്കിലും ഒരാൾ) അന്തരിച്ച വിദ്യാർത്ഥികൾ (മരണ സർട്ടിഫിക്കറ്റ് ആവശ്യമാണ്) | 2 |
| 4 | ശാരീരിക/മാനസിക വെല്ലുവിളികൾ (40% നവും അതിനു മുകളിലും വൈകല്യമുള്ള വിഭാഗം) സർട്ടിഫിക്കറ്റ് ആവശ്യമാണ് | 4 |
| | ആകെ പോയിന്റുകൾ | **30** |

വിശ്വസ്തതയോടെ,

സബിൻ സമീദ് ഐ എ എസ്
ഡയറക്ടർ

Signed by
Sabin Sameed
Date: 18-08-2025 14:13:28

Scanned with OKEN Scanner